# 'സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ - ഏകദിന സെമിനാർ

തിരുവനന്തപുരം : കുടുംബത്തിലും സമൂഹത്തിലും തൊഴിൽ സ്ഥലങ്ങളിലും സ്ത്രീകൾ നേരിടേണ്ടിവരുന്ന അതിക്രമങ്ങളെക്കുറിച്ച് ബോധവല്ക്കരിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി ഏപ്രിൽ 11ന് തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള YMCA ഹാളിൽ സഖി വിമൻസ് റിസോഴ്സ് സെന്റർ ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു.

അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് സഹായകരമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറിയും സഖി തയ്യാറാക്കിയിട്ടുണ്ട്. ഡയറക്ടറിയുടെ പ്രകാശനവും അന്നുതന്നെ നിർവഹിക്കുമെന്ന് കോ-ഓർഡിനേറ്റർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സഖി വിമൻസ് റിസോഴ്സ് സെന്റർ, ടി.സി.27 / 2323, കോൺവെന്റ് റോഡ് തിരുവനന്തപുരം